പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6707 — 10.07.2014-ൽ മറുപടിക്ക്

## ആശുപത്രികൾക്ക് കാഷ് അംഗീകാരം ലഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. എ. മാധവൻ :<br>,, എ. റ്റി. ജോർജ് :<br>,, എം. പി. വിൻസെന്റ് :<br>,, വർക്കല കഹാർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആശുപത്രികൾക്ക് കാഷ് (KASH) അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) ലഭിച്ചിട്ടുണ്ട്. കേരളത്തിലെ സർക്കാർ ആശുപത്രികളുടെ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണ് കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ്. ഇതിന്റെ പ്രധാനമായ ലക്ഷ്യം സാധാരണക്കാരായ രോഗികൾക്ക് ഏറ്റവും മികച്ച നിലവാരത്തിലുള്ള ചികിത്സ നൽകുക എന്നതാണ്. |
| (ബി) എത്ര ആശുപത്രികൾക്കാണ് പ്രസ്തുത അംഗീകാരം ലഭിച്ചതെന്ന് വ്യക്തമാക്കുമോ ; | (ബി) കേരളത്തിലെ 14 ആശുപത്രികൾക്ക് ഇതിനോടകം അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. |
| (സി) എന്തെല്ലാം നേട്ടങ്ങളാണ് പ്രസ്തുത അംഗീകാരം മുഖാന്തിരം ലഭിക്കുന്നതെന്ന് വിശദമാക്കാമോ ; | (സി) അക്രഡിറ്റേഷൻ നൽകുന്നതിന്റെ ഭാഗമായി ഈ ആശുപത്രികളിലെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകി. ആശുപത്രിയിലെ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി. രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും വേണ്ട സുരക്ഷാ നടപടികൾ സ്വീകരിച്ചു. ഇതു കൂടാതെ രോഗികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചു. ടോക്കൺ സിസ്റ്റം നടപ്പിലാക്കി. രോഗികൾക്കായി കേസ് റിക്കോർഡുകൾ ഏകീകരിച്ചു. ലബോറട്ടറി പരിശോധനകളുടെ കൃത്യത ഉറപ്പുവരുത്തി. എല്ലാ രോഗ നിർണ്ണയ ഉപകരണങ്ങളും കാലിബ്രേഷൻ നടത്തി. |

(.....2)

ഇതുകൂടാതെ ആശുപത്രികളിൽ അറ്റകുറ്റപ്പണികൾ നടത്തി. ആശുപത്രി കെട്ടിടങ്ങൾ നവീകരിച്ചു. കേടായ ഉപകരണങ്ങൾ നന്നാക്കി. ബയോമെഡിക്കൽ മാലിന്യങ്ങൾ നിയമപ്രകാരം നിർമ്മാർജ്ജനം ചെയ്തു. വീൽചെയറുകളും ട്രോളി തുടങ്ങിയവ രോഗികളുടെ ആവശ്യത്തിനായി സജ്ജമാക്കി. അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചു. രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്നതിന് നടപടി സ്വീകരിച്ചു. ഗുണനിലവാര പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി തുടർച്ചയായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേൽനോട്ടം നടത്തിവരുന്നു.

(ഡി) അംഗീകാരം ലഭിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(ഡി) എൻ.ആർ.എച്ച്.എം -ന്റെ നേതൃത്വത്തിൽ ക്വാളിറ്റി അഷ്വറൻസ് വിഭാഗം രൂപീകരിച്ചു . സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയും ജില്ലാതല ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയും അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു. ഇതുകൂടാതെ ജില്ലാതലത്തിൽ ക്വാളിറ്റി അഷ്വറൻസ് ഓഫീസറെ നിയമിച്ചിട്ടുണ്ട്.

ആശുപത്രികളിൽ അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആശുപത്രി സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു കോർ കമ്മിറ്റി രൂപീകരിച്ചു. ഇതു കൂടാതെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ